പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

**"ദുർബലരാകരുത്, ദുഖിക്കരുത്"**

തന്റെ ദാസരോട് സത്യസന്ധരായിരിക്കുന്നതിനും വാക്കുകളിൽ ആത്മാർത്ഥത കാണിക്കുന്നതിനും ചെയ്യുന്ന ജോലിയിൽ പ്രതിബദ്ധത കാണിക്കുന്നതിനും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഉന്നമിട്ടവ യാഥാർത്ഥ്യമാക്കുന്നതിനും കൽപ്പിച്ച ഇഹപരലോകങ്ങളുടെ ഈശ്വരനായ അല്ലാഹുവിന് എല്ലാ സ്തുതിയും ചേരട്ടെ. നല്ലത് ചെയ്യാൻ നമ്മോട് കൽപ്പിക്കുകയും അങ്ങനെ ചെയ്യാൻ നമ്മളെ നയിക്കുകയും നമ്മുടെ ആത്മാക്കളെ അവനിൽ ഭരമേൽപ്പിക്കാൻ ആജ്ഞാപിക്കുകയും ചെയ്ത അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. പരമശക്തൻ പറയുന്നു: [നിങ്ങൾ [ശരിക്കും] വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപ്പിക്കുക] (സൂറത്ത് അൽ മാഇദ 22). അല്ലാഹുവിലും അവന്റെ സന്ദേശവാഹകനും നമ്മിൽ ഏറ്റവും മികച്ചവനും അല്ലാഹുവിൽ നിന്ന് നമുക്കായി സഹായം അഭ്യർത്ഥിക്കുകയും കേണപേക്ഷിക്കുകയും ചെയ്ത മുഹമ്മദ് നബിയിലും നിങ്ങൾ ഭരമേൽപ്പിക്കുക. മുഹമ്മദ് നബി പ്രയത്നിക്കുകയും വിജയം കാണുകയും ചെയ്തു (മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരർക്കും മുഹമ്മദ് നബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചവർക്കും അന്തിമ വിധി ദിവസം വരെ അല്ലാഹു സാമാധാനവും യശസ്സും നൽകട്ടെ)

ഈശ്വരന്റെ ദാസരേ!

പരമശക്തനായ ദൈവത്തെ ഭയപ്പെടുവിൻ, നിങ്ങളുടെ പ്രവാചകനെ പിന്തുടരുവിൻ, നിങ്ങൾ പറയുന്നതിലും ചെയ്യുന്നതിലും ആത്മാർത്ഥത പുലർത്തുവിൻ, ശുഭാപ്തിവിശ്വാസത്തോടെയും ദൃഢനിശ്ചയത്തോടെയും ദീർഘവീക്ഷണത്തോടെയും ജീവിക്കുന്നവരും പ്രതിസന്ധികളെ തരണം ചെയ്യുന്നവരെയുമാണ് ശരിയായ വിശ്വാസികൾ എന്ന് വിളിക്കുന്നത്. ഈശ്വരന് വേണ്ടി കൂടുതൽ മികച്ച കാര്യങ്ങൾ ചെയ്യുന്നതിനായി ജീവിതം കെട്ടിപ്പടുക്കുന്നരും സ്വഭാവം മെച്ചപ്പെടുത്തുന്നവരുമാണ് വിശ്വാസികൾ. ഇതിനെല്ലാം വേണ്ടി, ദൈവം അവർക്ക് നൽകിയിരിക്കുന്ന ശക്തിക്കും അവസരങ്ങൾക്കും നന്ദി. നബി പ്രവാചകൻ തന്റെ അനുയായികളെ പഠിപ്പിച്ചിരുന്നതിനെ കുറിച്ച് അബു സയ്യിദ് അൽ-ഖുദ്രി വിവരിക്കുന്നുണ്ട് (അല്ലാഹു എപ്പോഴും അവനിൽ സന്തോഷവാനായിരിക്കട്ടെ): "ഒരു ദിവസം മുഹമ്മദ് നബി പള്ളിയിൽ പ്രവേശിച്ചപ്പോൾ അബു ഉമാമ അവിടെയിരിക്കുന്നത് കണ്ടു. 'ഓ, അബു ഉമാമ, പ്രാഥനാ സമയമായ ഈ സമയത്ത് നിങ്ങൾ എന്താണ് ഇവിടെ ഇരിക്കുന്നത്?,' പ്രവാചകൻ അവനോട് ചോദിച്ചു. 'അല്ലാഹുവിന്റെ പ്രവാചകനേ, ദുഃഖവും കടങ്ങളും എന്നെ ഗ്രസിച്ചിരിക്കുന്നു,' എന്നവൻ മറുപടി പറഞ്ഞു. മുഹമ്മദ് നബി പറഞ്ഞു, 'ഞാൻ

നിനക്ക് കുറച്ച് വാക്കുകൾ പഠിപ്പിക്കട്ടെ? നീയവ ഉരുവിട്ടാൽ, നിന്റെ ആശങ്കകളും കടങ്ങളും അവിടുന്ന് തീർത്തുതരും.'

'പറയൂ, യജമാനനേ', സന്തോഷത്തോട് കൂടി അബു ഉമാമ പ്രതിവചിച്ചു. പ്രവാചകൻ പറഞ്ഞു, 'എല്ലാ പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും 'അല്ലാഹുവേ, ഉൽക്കണ്ഠയിൽ നിന്നും ദുഃഖത്തിൽ നിന്നും നിസ്സഹായാവസ്ഥയിൽ നിന്നും മടിയിൽ നിന്നും ദാരിദ്രത്തിൽ നിന്നും ഭീരുത്വത്തിൽ നിന്നും കടങ്ങളിൽ നിന്നും മറ്റുള്ളവരുടെ അടിമത്തത്തിൽ നിന്നും ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു' എന്ന് നീ ഉരുവിടണം.' പിന്നീട് പ്രവാചകനെ കണ്ടപ്പോൾ അബു ഉമാമ പറഞ്ഞു, "ഞാനവ ഉരുവിട്ടു, എന്റെ ഉൽക്കണ്ഠകളെല്ലാം അല്ലാഹു മാറ്റിത്തന്നു, എന്റെ കടങ്ങളെല്ലാം തീർത്തുതന്നു."

നമുക്ക് മനസ്സിലാക്കുവാനായി പ്രവാചകൻ പഠിപ്പിച്ച ഇക്കാര്യങ്ങളിൽ പരിഗണിക്കുന്നത് വിശ്വാസത്തിൽ സഹോദരരായ നമുക്ക് നല്ലതാണ്, നമ്മൾ മുമ്പ് സൂചിപ്പിച്ച ദുഃഖം, സങ്കടം എന്നീ വികാരങ്ങളെ ഒഴിവാക്കുന്നതിന് ഇത് നമ്മെ സഹായിക്കും. എവരും ഭാവിയിൽ സംഭവിക്കാതിരിക്കുന്നതിന് ആഗ്രഹിക്കുന്ന കാര്യങ്ങളാണിവ. തന്റെ സാഹചര്യങ്ങളെയും ഭാവിയെയും മെച്ചപ്പെടുത്തുന്നതിന് ഒന്നും ചെയ്യാതെ, വെറുതെയിരുന്ന് ഭാവിയെ കുറിച്ച് തുടർച്ചയായി ചിന്തിക്കുന്ന ചിലരുണ്ട്. സ്വന്തം സമയം പാഴാക്കുകയാണ് ഇവർ ചെയ്യുന്നത്. അല്ലാഹു ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്തങ്ങൾ ഇവർ നിറവേറ്റുന്നതുമില്ല. കഠിനമായും ജാഗ്രതയോടെയും പ്രവർത്തിക്കുകയും അതിന്റെ ഫലങ്ങൾ ദൈവത്തിന്റെ കരങ്ങളിൽ ഇവർ വിടുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ. ഭയത്തിൽ നിന്നും ഉൽക്കണ്ഠയിൽ നിന്നും മാറിനടക്കുന്നതിനും ദുഃഖത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനും അല്ലാഹു നമ്മോട് കൽപ്പിച്ചിട്ടുണ്ട്. കാരണം വിലപിച്ചതുകൊണ്ടും ദുഃഖിച്ചതുകൊണ്ടും പോയതൊന്നും തിരികെ ലഭിക്കില്ല, സഹനങ്ങൾക്ക് മുക്തി ഉണ്ടാവുകയുമില്ല. ഇങ്ങിനെ ചെയ്യുന്നവർ ആരാധനയ്ക്കുള്ള സമയമാണ് പാഴാക്കുന്നത്, വിധിയെ കുറിച്ചാണ് പരാതിപ്പെടുന്നത്. പരമശക്തനായ അല്ലാഹു പറയുന്നു: [നിങ്ങൾ ദൌർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ [ശരിയായ] വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ.] (സൂറത്ത് ആലു ഇംറാൻ 139). ശരിയായ വിശ്വാസമുള്ളവർ ക്ഷമാശീലമുള്ളവരായിരിക്കണം, ജീവിതത്തിലെ വ്യത്യസ്ത അനുഭവങ്ങളിൽ നിന്ന് പഠിക്കുകയും വേണം. നല്ല ആത്മശക്തിയുള്ളവർക്ക് പ്രതിഫലം ലഭിക്കും. ക്ഷമാശീലരായിരിക്കാൻ അല്ലാഹു നമ്മോട് ആജ്ഞാപിച്ചിട്ടുണ്ട്, ക്ഷമാശീലർക്ക് ശുഭവാർത്ത ലഭിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പരിശുദ്ധ പുസ്തകത്തിൽ അല്ലാഹു പറയുന്നു: [കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. ( അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക] (സൂറത്ത് അൽ ബഖറ 155).

വിശ്വാസത്തിൽ സഹോദരരേ:

പല കാര്യങ്ങളിൽ നിന്നും നാം അല്ലാഹുവിൽ അഭയം തേടണമെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. നിസ്സഹായതാവസ്ഥയും മടിയും ഇത്തരം രണ്ട് കാര്യങ്ങളാണ്. എന്തെങ്കിലും പ്രവർത്തിക്കുന്നതിൽ നിന്ന് തടയുകയും സ്വപ്നങ്ങൾ യാഥാർത്ഥമാക്കുന്നതിന് വിലങ്ങുതടിയാവുകയും ചെയ്യുന്ന രണ്ട് ഗുരുതരമായ കാര്യങ്ങളാണിവ. എന്തെങ്കിലും ചെയ്യുന്നതിനുള്ള കഴിവില്ലായ്മയാണ് നിസ്സഹയാവസ്ഥ, എന്നാൽ മടി എന്നത് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാതിരിക്കലാണ്. അല്ലാഹുവിന്റെ ദാസരേ, നമ്മൾ നിസ്സഹായരാണെന്ന് ഒരിക്കലും ചിന്തിക്കരുത്. നിസ്സഹായതാവസ്ഥയുടെ വിവിധ കാരണങ്ങളിൽ നിന്ന് നാം അകലം പാലിക്കണം. കാരണം, നല്ലവണ്ണം പ്രവർത്തിക്കുന്നതിന് മുഴുവൻ ഊർജ്ജവും ശേഷികളും അർപ്പിക്കുന്നതിന് കടപ്പെട്ടവരാണ് മനുഷ്യകുലം. പ്രവാചകൻ പറയുന്നു: ((ചെയ്യാൻ കഴിയുന്നത്ര നല്ല പ്രവൃത്തികൾ ചെയ്യുക, കാരണം നിങ്ങൾ തളരുന്നത് വരെ, അല്ലാഹുവിനൊരിക്കലും (നിങ്ങൾക്ക് പ്രതിഫലം തരുന്നതിൽ) തളർച്ച തോന്നുകയില്ല.)). മടിയിൽ നിന്ന് നാം മുഖം തിരിക്കേണ്ടതിന് ലളിതമായ ഒരു കാരണമുണ്ട്. ശക്തിയും യശസ്സും കുടികൊള്ളുന്ന അല്ലാഹു, അപടവിശ്വാസികളെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: [തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും, ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമേ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ] (സൂറത്ത് അൽ നിസാഅ് 142). ദൈവത്തിന്റെ ദാസരേ, നമുക്ക് ഉറച്ച മനോവിശ്വാസം ഉണ്ടായിരിക്കണം, നാം പ്രയത്നശാലികളുമായി മാത്രമേ കൂട്ടുകൂടാവൂ. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നമ്മുടെ ദുരിതങ്ങൾ എടുത്തുനീക്കും, നിരാശതയുടെയും പരാജയത്തിന്റെയും തോന്നലുകൾ അകറ്റിക്കളയും.

പ്രിയ മുസ്ലീങ്ങളേ:

ദുഃഖം, സങ്കടം, നിസ്സഹായാവസ്ഥ, മടി എന്നിവയ്ക്കൊപ്പം, നമ്മൾ ഭീരുത്വത്തിൽ നിന്നും ദാരിദ്രത്തിൽ നിന്നും അഭയം തേടണമെന്ന് പ്രവാചകൻ പറയുന്നു. പിശുക്കിനെയും ദീരുത്വത്തെയും ഒരുമിച്ചാണ് പ്രവാചകൻ ഉപയോഗിച്ചത്, കാരണം ആത്മവിശ്വാസത്തിന്റെ കുറവാണ് ഭീരുത്വമെങ്കിൽ, പണം ചെലവിടുന്നതിനുള്ള മടിയാണ് പിശുക്ക്. അഭിമാനത്തിന്റെയും അന്തസ്സിന്റെയും പേരിൽ തന്നെത്തന്നെ തരം താണ രീതിയിൽ കാണുന്നവർക്ക് ഔചിത്യം നഷ്ടമാകുന്നു, ഇവരുടെ ധാർമ്മികനിലവാരം മോശമാകുന്നു. ശരിയായ ധൈര്യം എന്ന് പറയുന്നത് സൽപ്രവൃത്തികളിൽ മുഴുകലും ദുഷ്പ്രവൃത്തികളെ അകറ്റലുമാണ്. ധർമ്മനിഷ്ഠയുള്ള പ്രവൃത്തികൾ എന്താണെന്ന് അറിയുന്നവർ, മറ്റുള്ളവരുമായി ഇത്തരം പ്രവൃത്തികൾ പങ്കുവയ്ക്കുന്നതിന് തനിക്കാവുന്നത് ചെയ്യുന്നു, കാപട്യത്തെ കുറിച്ച് അറിയുന്നവർ, കാപട്യ പ്രവൃത്തികളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. തന്റെ കുടുംബത്തിനെയും സമൂഹത്തിനെയും സേവിക്കുന്നതിന് ഇത്തരക്കാർ പണം ചെലവിടും.

ദൈവത്തിന്റെ ദാസരേ, നിരോധിച്ചിട്ടുള്ള പ്രവർത്തികളിലൊന്നാണ് പണം പിടിച്ചുവയ്ക്കുന്നതും സമൂഹത്തിന് ആവശ്യമുള്ളപ്പോൾ അത് ചെലവിടാതിരിക്കലും. പരമശക്തനായ അല്ലാഹു പറയുന്നു: [അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്] (സൂറത്ത് ആലു ഇംറാൻ 180). ഭീരുത്വവും പിശുക്കും മനുഷ്യന്റെ ഏറ്റവും മോശം സ്വഭാവസവിശേഷതകളിലൊന്നാണ്. നിന്ദ്യതയുടെ വിവരണമാണ് പിശുക്ക്, എന്നാൽ മഹാമനസ്കതയാകട്ടെ, ദൈവഭക്തിയുടെ സ്വഭാവമാണ്. നബി പ്രവാചകൻ പറയുന്നു: ((അന്യായത്തിനെതിരെ ജാഗ്രത പുലർത്തുക, കാരണം ദ്രോഹിക്കുന്നവരുടെ മേൽ അന്തിമ വിധി നാളിൽ അന്ധകാരം പതിക്കും, പിശുക്കിനെതിരെ ജാഗ്രത പുലർത്തുക, നിങ്ങൾക്ക് മുമ്പേ പലരെയും ഇത് നശിപ്പിച്ചിട്ടുണ്ട്. രക്തച്ചൊരിച്ചിൽ ഉണ്ടാക്കുന്നതിനും നിയമപരമല്ലാത്തതിനെ നിയമപരമായി പരിഗണിക്കുന്നതിനും ഇതവരെ പ്രേരിപ്പിച്ചു))

ദൈവത്തിന്റെ ദാസരേ, ദൈവത്തിനെ ഭയക്കുക, അവൻ നിങ്ങൾക്ക് തന്ന പണം ചെലവിടുക, നിങ്ങൾക്ക് ആകുലതകളും ദുഃഖവും ദുരിതവും വേദനയും കൊണ്ടുവരുന്ന കാര്യങ്ങളിൽ നിന്ന് അല്ലാഹുവിൽ അഭയം തേടുക, അല്ലാഹുവിന് എല്ലാം അടിയറവ് വച്ചുകൊണ്ടും അവന്റെ ഇംഗിതം സ്വീകരിച്ചുകൊണ്ടും അവൻ നമുക്കായി കരുതിവച്ചിരിക്കുന്നത് ക്ഷമയോടെ അനുഭവിച്ചുകൊണ്ടും അവയെ കീഴ്പ്പെടുത്തുക

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് മാപ്പപേക്ഷിക്കുക. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

**********************************

നമ്മുടെ പദവി ഉയർത്തുന്നവനും പാപങ്ങൾക്ക് മാപ്പ് നൽകുന്നവനും നമ്മുടെ എല്ലാ പ്രവർത്തികളെയും അറിയുന്നവനുമായ അല്ലാഹുവിൽ എല്ലാ പ്രശംസയും ചേരട്ടെ. കേണപേക്ഷിച്ചാൽ നാം ചെയ്ത പാപങ്ങൾ ക്ഷമിക്കുന്നവനായ അല്ലാഹുവിനെ കൂടാതെ ആരാധനയ്ക്ക് യോനായ മറ്റൊരു ദൈവമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. വിൽക്കുകയും വാങ്ങുകയും കടം വാങ്ങുകയും, വിൽക്കുമ്പോഴും വാങ്ങുമ്പോഴും നൽകുമ്പോഴും എടുക്കുമ്പോഴും സഹിഷ്ണുത കാണിക്കുകയും ചെയ്ത, അല്ലാഹുവിന്റെ ദാസനും അഡ്നെനിന്റെ പൂർവ്വികനുമായ മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരർക്കും അന്തിമ വിധി ദിവസം വരെ അല്ലാഹു സാമാധാനവും യശസ്സും നൽകട്ടെ

ദൈവത്തിന്റെ ദാസരേ:

തന്റെ കേണപേക്ഷിക്കൽ, നബി പ്രവാചകൻ അവസാനിപ്പിക്കുന്നത് ((കടങ്ങളുടെ ഭാരത്തിൽ നിന്നും മറ്റുള്ള ആളുകളുടെ അടിമത്തത്തിൽ നിന്നും ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു)) എന്ന് പറഞ്ഞുകൊണ്ടാണ്, ഇവിടെ നബി പ്രവാചകൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന കടം, ലജ്ജ കാരണം മറ്റുള്ള ആളുകളെ കാണുന്നതിൽ നിന്ന് പ്രവാചകനെ തടയുന്ന കട ബാധ്യതയാണ്. പെട്ടെന്ന് ഒരു ആവശ്യം വരികയാണെങ്കിൽ, തിരിച്ച് നൽകാമെന്ന ഉറപ്പിന്മേൽ പണം കടം വാങ്ങുന്നതിൽ യാതൊരു തെറ്റുമില്ല. ഇങ്ങനെ കടം നൽകുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ പിന്തുണയും സഹായവും സമ്മാനവും ലഭിക്കും. പരമശക്തനായ ദൈവത്തിന്റെ സന്ദേശവാഹകൻ പറയുന്നു: ((തിരിച്ച് നൽകാമെന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ ആരിൽ നിന്നെങ്കിലും കടം വാങ്ങുന്ന വ്യക്തിയുടെ കടം അല്ലാഹു തന്നെ തിരിച്ചടയ്ക്കും. നശിപ്പിക്കുന്നതിനായി കടം വാങ്ങുന്നവനെ അല്ലാഹുവും നശിപ്പിക്കും)). കൃത്യവും വ്യക്തവുമായ കാരണങ്ങൾക്കോ എന്തെങ്കിലും പെട്ടെന്നുള്ള ആവശ്യങ്ങൾക്കോ അല്ലാതെ ആളുകൾ കടം വാങ്ങരുതെന്ന് ഇസ്ലാമിന്റെ തുടക്കത്തിൽ പ്രവാചകൻ അനുയാനികൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. സന്തോഷത്തോടെയും അന്തസ്സോടെയും മനുഷ്യൻ ജീവിക്കണമെന്നും ദുരുതമോ അപമാനമോ മനുഷ്യൻ അഭിമുഖീകരിക്കരുതെന്നും ഉള്ള നബിയുടെ ആത്മാർത്ഥമായ ആഗ്രഹമായിരുന്നു ഈ മുന്നറിയിപ്പിന് പിന്നിൽ. തന്റെ പണം പരിമിതമായിം ചെലവഴിക്കുന്നവരും അടുക്കും ചിട്ടയോടെയും പണമിടപാടുകൾ നടത്തുന്നവരും കടങ്ങൾ അനാവശ്യമായി പെരുകുന്നത് വരെ കടത്തെ നിസ്സാരമായി കാണാത്തവരുമാണ് ബുദ്ധിയുള്ള ആളുകൾ. കടത്തിന്റെ അപകടസാധ്യതകളും അതിന്റെ കയ്പ്പേറിയ പ്രഭാവങ്ങളും കടം വാങ്ങുന്ന മനുഷ്യന്റെ ജീവിതത്തെ മാത്രമല്ല ബാധിക്കുക, അവന്റെയും ഭാവി തലമുറയുടെയും ഭാവി തന്നെ തകിടം മറിയുന്നു. കടം പറ്റിയിട്ടുള്ള ആരും കടക്കാരനിൽ നിന്ന് വിമുക്തി നേടണം, വിമുഖതയോ അലംഭാവമോ കൂടാതെ കൊടുക്കാനുള്ള പണം ഉടനടി കൊടുത്തുവീട്ടണം. കടം വാങ്ങിയത് തിരികെ നൽകാതെ ഉണ്ടാക്കുന്ന പണം 'ഹറാം' (നിയമവിരുദ്ധമായ) പണമാണ്. പരമശക്തനായ അല്ലാഹു പറയുന്നു: [അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്] (സൂറത്ത് അൽ ബഖറ 188). കടം വരുത്തിവയ്ക്കുകയും തിരികെ നൽകാൻ താൽപ്പര്യം കാണിക്കാതിരിക്കുകയും ചെയ്യുന്നവൻ പാപമാണ് ചെയ്യുന്നത്. ആരാധ്യനായ അല്ലാഹു പറയുന്നു: [തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും ( അത് ) ലംഘിക്കുന്ന പക്ഷം ലംഘിക്കുന്നതിൻറെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപ്പെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്] (സൂറത്ത് അൽ ഫതഹ് 10). അടിയന്തിര ആവശ്യത്തിനല്ലാതെ, അഹംഭാവവും പൊങ്ങച്ചവും കാണിക്കുന്നതിനോ യാതൊരു കാര്യവുമില്ലാത്ത വിനോദത്തിനോ ആനന്ദത്തിനോ യാതൊരു മൂല്യവുമില്ലാത്ത ഉദ്ദേശ്യത്തിനോ അപ്രധാനമായ ലക്ഷ്യങ്ങൾക്കോ പണം കടം വാങ്ങുന്ന ആളുകളുണ്ട്. പണം തിരികെ അടയ്ക്കാനും കടത്തിൽ നിന്ന് വിമുക്തി നേടാനും

പരാജയപ്പെടുന്നതിനാൽ ഇവർ തകർന്നുപോകുന്നു, വേദനയും ദുരിതവും ഇവർക്ക് അനുഭവിക്കേണ്ടി വരുന്നു.

അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്. (സൂറത്ത് അൽ ബഖറ 188)

തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും ( അത് ) ലംഘിക്കുന്ന പക്ഷം ലംഘിക്കുന്നതിൻറെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപ്പെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (സൂറത്ത് അൽ ഫതഹ് 10)

അല്ലാഹുവിന്റെ ദാസരേ, പരമശക്തനെ ഭയപ്പെടുക, നബി പ്രവാചകൻ നൽകിയിട്ടുള്ളത് പിൻപറ്റുവിൻ, പ്രവാചകൻ നിരോധിച്ചിരിക്കുന്നത് അകറ്റിനിർത്തുവിൻ

ഓ അല്ലാഹുവേ, അങ്ങയുടെ പ്രവാചകനും ദാസനുമായ മുഹമ്മദ് നബി ചോദിച്ച നല്ല കാര്യങ്ങൾ തന്നെയാണ് ഞങ്ങളും നിന്നോട് ചോദിക്കുന്നത്, അങ്ങയുടെ പ്രവാചകനും ദാസനുമായ മുഹമ്മദ് നബി അഭ്യർത്ഥിച്ച അതേ ദുഷ്കർമ്മങ്ങളിൽ നിന്നുള്ള അഭയമാണ് ഞങ്ങളും അപേക്ഷിക്കുന്നത്.

അതിനാൽ, സന്ദേശകവാഹകരുടെ നേതാവിൽ നിങ്ങളുടെ അനുഗ്രഹങ്ങൾ ചൊരിയുക, കാരണം പരിശുദ്ധ ഖുറാനിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവൻറെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിൻറെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക]. (സൂറത്ത് അൽ അഹ്സാബ് 56)

അല്ലാഹു, അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! "നല്ലത് ചെയ്യുവാനും ഉറ്റവർക്കും ഉടയവർക്കും നിർലോഭമായി സഹായും ചെയ്യുവാനും അല്ലാഹു ആജ്ഞാപിക്കുന്നു. ലജ്ജാകരമായ പ്രവൃത്തികളും അനീതിയും ലഹളയും അവൻ നിരോധിച്ചിരിക്കുന്നു: അവൻ നിങ്ങളോട് ആജ്ഞാപിക്കുന്നത് നിങ്ങൾ ഓർത്തിരിക്കണം."